## മധുരമായ കുട്ടികളെ, - നിശ്ചയം ചെയ്യൂ, നമ്മൾ ആത്മാക്കളാണ്, ഇത് നമ്മുടെ ശരീരമാണ്, ഇതിൽ സാക്ഷാത്കാരത്തിന്റെ കാര്യമില്ല, ആത്മാവിന്റെ സാക്ഷാത്കാരം ലഭിച്ചാൽ തന്നെ ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല.

**ചോദ്യം** - ബാബയുടെ ഏത് ശ്രീമത്തിലൂടെ നടക്കുമ്പോൾ ഗർഭ ജയിലിന്റെ ശിക്ഷകളിൽ നിന്നും മോചിതരാകാൻ സാധിക്കും?
**ഉത്തരം** - ബാബയുടെ ശ്രീമത്താണ് - കുട്ടികളെ, നഷ്ടോമോഹയായി മാറൂ, ഒരു ബാബയല്ലാതെ രണ്ടാമതായി ആരുമില്ല, നിങ്ങൾ കേവലം എന്നെ ഓർമ്മിക്കൂ, ഒരു പാപകർമ്മവും ചെയ്യാതിരിക്കൂ, എങ്കിൽ ഗർഭ ജയിലിന്റെ ശിക്ഷകളിൽ നിന്നും മോചിതരാകാം. ഇവിടെ നിങ്ങൾ ജന്മജന്മാന്തരങ്ങളായി ജയിൽപുള്ളികളായി വന്നവരാണ്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് ആ ശിക്ഷകളിൽ നിന്നും രക്ഷപ്പെടുത്താൻ. സത്യയുഗത്തിൽ ഗർഭ ജയിൽ ഇല്ല.

**ഓം ശാന്തി** - ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് - ആത്മാവ് എന്താണ്, ആത്മാവിന്റെ പിതാ പരമാത്മാ ആരാണ്? ഇത് വീണ്ടും മനസ്സിലാക്കിത്തരികയാണ് കാരണം ഇത് പതീതമായ ലോകമാണ്. പതീതർ എല്ലായ്പ്പോഴും വിവേകശൂന്യരായിരിക്കും. പാവനമായ ലോകത്തിൽ വിവേകശാലികൾ ഉണ്ടായിരിക്കും. ഭാരതം പാവനമായ ലോകം അർത്ഥം ദേവീദേവതകളുടെ രാജ്യമായിരുന്നു, ഈ ലക്ഷ്മീനാരായണൻമാരുടെ രാജ്യമായിരുന്നു. വളരെ ധനികരായിരുന്നു, സുഖികളായിരുന്നു പക്ഷേ ഭാരതവാസികൾ ഈ കാര്യം മനസ്സിലാക്കുന്നില്ല. ബാബയെ, പരമപിതാവിനെ അഥവാ രചയിതാവിനെ ആരും അറിയുന്നില്ല. മനുഷ്യർക്കല്ലേ അറിയാൻ സാധിക്കേണ്ടത്, മൃഗങ്ങൾ അറിയില്ലല്ലോ. ഓർമ്മിക്കുകയും ചെയ്യുന്നുണ്ട് - അല്ലയോ പരംപിതാ പരമാത്മാവേ, പാരലൗകിക അച്ഛനാണ്. ആത്മാവാണ് ഓർമ്മിക്കുന്നത് തന്റെ പരംപിതാ പരമാത്മാവിനെ. ഈ ശരീരത്തിന് ജന്മം നൽകിയത് ലൗകിക പിതാവാണ്. ബാബ പരംപിതാ പരമാത്മാവാണ് പാരലൗകിക പിതാവാണ്, ആത്മാക്കളുടെ ബാബയാണ്. മനുഷ്യർ ലക്ഷ്മീനാരായണനെ പൂജിക്കുന്നു, അവർ സത്യയുഗത്തിൽ ഉണ്ടായിരുന്നവരാണ്. രാമനും സീതയും ത്രേതായുഗത്തിലായിരുന്നു. ബാബ വന്ന് മനസ്സിലാക്കിത്തരികയാണ് കുട്ടികളേ, നിങ്ങൾ പാരലൗകിക പിതാവായ എന്നെ ജന്മജന്മാന്തരങ്ങളായി ഓർമ്മിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗോഡ് ഫാദർ തീർച്ചയായും നിരാകാരനായിരിക്കും. നമ്മൾ ആത്മാക്കളും നിരാകാരനല്ലേ. ഇവിടെ വന്ന് സാകാരിയായി മാറിയിരിക്കുകയാണ്. ഈ ചെറിയ കാര്യം പോലും ആരുടേയും ബുദ്ധിയിലേക്ക് വരുന്നില്ല. ബാബ, നിങ്ങളുടെ പരിധിയില്ലാത്ത അച്ഛൻ രചയിതാവാണ്. വിളിക്കാറുണ്ടല്ലോ അങ്ങ് മാതാവും പിതാവുമാണ്... അങ്ങയുടേതായി ഞങ്ങൾ മാറിയെങ്കിൽ ഞങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. പിന്നീട് അങ്ങയെ മറക്കുന്നതിലൂടെ നരകത്തിന്റെ അധികാരിയായി മാറും. ഇപ്പോൾ ബാബ ഈ ശരീരത്തിലൂടെ മനസ്സിലാക്കിത്തരികയാണ് - ഞാൻ രചയിതാവുമാണ്, ഇതെന്റെ രചനയാണ്, ഇതിന്റെ രഹസ്യം നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു. ആത്മാവിനെ ആരും കണ്ടിട്ടില്ല. പിന്നെന്തുകൊണ്ടാണ് പറയുന്നത് ഞാൻ ആത്മാവാണ്? ഇത് മനസ്സിലാക്കേണ്ടതല്ലേ - ഞാൻ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് സ്വീകരിക്കുന്നു. മഹാൻ ആത്മാവ്, പുണ്യ ആത്മാവ് എന്നൊക്കെ പറയാറുണ്ടല്ലോ. നിശ്ചയം ചെയ്യണം, ഞാൻ ആത്മാവാണ്, ഇതെന്റെ ശരീരമാണ്. ശരീരം വിനാശിയാണ്, ആത്മാവ് അവിനാശിയാണ്. പരംപിതാ പരമാത്മാവിന്റെ സന്താനമാണ്. എത്ര സഹജമായ കാര്യം, പക്ഷേ നല്ല നല്ല ബുദ്ധിവാൻ പോലും മനസ്സിലാക്കുന്നില്ല. മായ ബുദ്ധിയെ പൂട്ടിയിട്ടു. നിങ്ങൾക്ക് സ്വയം ആത്മാവിന്റെ സാക്ഷാത്കാരമുണ്ടായിട്ടില്ല. ആത്മാവല്ലേ അനേക ജന്മങ്ങളെടുക്കുന്നത്. ഓരോ ജന്മത്തിലും പിതാവ് മാറിക്കൊണ്ടേയിരിക്കും. നിങ്ങൾ സ്വയം ആത്മാവാണെന്ന് എന്തുകൊണ്ട് നിശ്ചയം ചെയ്യുന്നില്ല? പറയാറില്ലേ ആത്മ സാക്ഷാത്കാരമെന്ന്. ഇത്രയും ജന്മത്തിൽ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ ആത്മ സാക്ഷാത്കാരം ചെയ്തെന്ന്? ചിലർക്ക് ആത്മ സാക്ഷാത്കാരം ഉണ്ടായിട്ടുണ്ടാകും പക്ഷേ മനസ്സിലാക്കാൻ സാധിക്കില്ല. ബാബയെ നിങ്ങളും അറിഞ്ഞില്ല. പരിധിയില്ലാത്ത ബാബക്കല്ലാതെ ആത്മാവിന്റെ സാക്ഷാത്കാരം മറ്റൊരാൾക്കും ചെയ്യിപ്പിക്കാൻ സാധിക്കില്ല. പറയാറില്ലേ, അല്ലയോ ഭഗവാനേ എന്ന്. എങ്കിൽ അച്ഛനായി. നിങ്ങൾക്ക് രണ്ട് പിതാവാണ് - ഒന്ന് വിനാശിയായ ശരീരത്തിന് ജന്മം നൽകിയ വിനാശിയായ പിതാവ്, രണ്ടാമത്തേത് അവിനാശിയായ ആത്മാക്കളുടെ അവിനാശിയായ ബാബ. നിങ്ങൾ പാടിയിരുന്നു - അങ്ങ് മാതാവും പിതാവും... ആ ബാബയെ ഓർമ്മിക്കുന്നു എങ്കിൽ തീർച്ചയായും വന്നിട്ടുണ്ടാകും. ജഗദംബയും ജഗത്പിതാവും ഇരിക്കുന്നുണ്ട്, രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. വൈകുണ്ഠത്തിൽ ലക്ഷ്മീനാരായണന്റെ രാജ്യം ഉണ്ടായിരുന്നു, അവരും ഭാരതത്തിലായിരുന്നില്ലേ? മനുഷ്യൻ കരുതുന്നു സ്വർഗ്ഗം മുകളിൽ എവിടെയോ ആയിരിക്കുമെന്ന്? ഹേയ്, ലക്ഷ്മീനാരായ

ണന് ഇവിടെ സ്മാരകമുണ്ട്, തീർച്ചയായും അവർ ഇവിടെ രാജ്യം ഭരിച്ചിരുന്നു. ഈ ദിൽവാഡാ ക്ഷേത്രവും നിങ്ങളുടെ ഇപ്പോഴത്തെ സ്മാരകമായി ഉണ്ടാക്കിയതാണ്. അത് നിങ്ങൾ രാജയോഗികളുടേതാണ്, 108 മുറികൾ ഉണ്ടാക്കിയിരിക്കുന്നു. അദർ കുമാർ, കുമാരിമാരും കുമാരന്മാരുമാണ് ഇവിടെ ഇരിക്കുന്നത്, അതിന്റെ സ്മാരകം പിന്നെ ഭക്തിയിലുണ്ടാകുന്നു. ദിൽവാഡാ ക്ഷേത്രം വളരെ ശരിയാണ്. പക്ഷേ ആ ക്ഷേത്രത്തിന്റെ ആരെല്ലാം ട്രസ്റ്റികളുണ്ടോ അവർക്കറിയുന്നില്ല ഇത് ആരുടെ ക്ഷേത്രമാണ്? ദിൽവാഡാ പേരിനും എന്തെങ്കിലും അർത്ഥം ഉണ്ടാകില്ലേ? ഹൃദയം കവരുന്നതാരാണ്? ഈ ആദിദേവനും ആദിദേവിയും രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇവരും ഓർമ്മിക്കുകയാണ് നിരാകാനായ പരംപിതാ പരമാത്മാവിനെ. ബാബ ഉയർന്നതിലും ഉയർന്ന ജ്ഞാനസാഗരനാണ്. ഈ ആദിദേവന്റെ ശരീരത്തിരിലുന്ന് എല്ലാ കുട്ടികൾക്കും മനസ്സിലാക്കിത്തരികയാണ്. ഈ ക്ഷേത്രം എപ്പോഴുണ്ടാക്കി? എന്തിനുണ്ടാക്കി? ആരുടെ ഓർമ്മചിഹ്നമാണ്? ഒന്നും അറിയുന്നില്ല. ദേവിമാർക്കൊക്കെ എത്ര പേരുകളാണുള്ളത്, കാളി, ദുർഗ്ഗ, അന്നപൂർണ്ണേശ്വരി... ഇപ്പോൾ മുഴുവൻ വിശ്വത്തിന്റേയും അന്നപൂർണ്ണേശ്വരി ആരായിരിക്കും? ഏത് ദേവിമാരാണ്  അന്നത്തെ പൂർത്തീകരിക്കുന്നത്, നിങ്ങൾക്കറിയാമോ? ഭാരതം സ്വർഗ്ഗമായിരുന്നു, അവിടെ അളവറ്റ വൈഭവങ്ങളുണ്ടായിരുന്നു ഇപ്പോഴും 80 – 90 വർഷങ്ങൾക്കുമുന്നേ പത്തോ പന്ത്രണ്ടോ അണക്ക് ഒരു മന്ന് ധാന്യം ലഭിച്ചിട്ടുണ്ടായിരുന്നു അപ്പോൾ അതിൽനിന്നും മുമ്പേ എത്ര വിലക്കുറവുണ്ടാകും. സത്യയുഗത്തിൽ ധാന്യങ്ങളെല്ലാം തന്നെ വളരെ നല്ലതായിരുന്നു. പക്ഷേ ഇത് ആരും മനസ്സിലാക്കുന്നില്ല. ബാബ വന്ന് നിങ്ങൾ ആത്മാക്കളെ പഠിപ്പിക്കുകയാണ്, ആത്മാവ് ഈ കർമ്മേന്ദ്രിയത്തിലൂടെ കേൾക്കുന്നു. ആത്മാവിന് ഈ കണ്ണ് ലഭിച്ചിരിക്കുന്നത് കാണുന്നതിനുവേണ്ടി. ചെവി ലഭിച്ചിരിക്കുകയാണ് കേൾക്കുന്നതിനുവേണ്ടി. ബാബ പറയുകയാണ് ഞാൻ നിരാകാരൻ, ഈ ശരീരത്തെ ആധാരമായിട്ടെടുത്തിരിക്കുന്നു. എന്നെ സദാ ശിവനെന്ന് പറയും മനുഷ്യർ ഒരുപാടുപേരുകൾ വച്ചിട്ടുണ്ട് – രുദ്രൻ, ശിവൻ, സോമനാഥൻ... പക്ഷേ എന്റെ ഒരേയൊരു പേര് ശിവനെന്നാണ്. ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നത് ശിവായനമ: എന്ന് പറഞ്ഞിട്ടാണ്. ഭക്തിമാർഗ്ഗം ആദ്യം അവ്യഭിചാരി ഭക്തിയായിരുന്നു ഇപ്പോൾ നിങ്ങൾ കല്ലിലും മുള്ളിലും എല്ലാം ആക്കിത്തീർത്തു. ഇപ്പോൾ ഭക്തിയുടെ അവസാനമാണ്. എല്ലാവരേയും കൂട്ടിക്കൊണ്ടുപോകാൻ ഞാൻ വന്നിരിക്കുകയാണ്. ഈ പഴയ ലോകം അവസാനിക്കുന്നതാണ്. ബോംബുകളെല്ലാം ഉണ്ടാക്കിയിട്ടുണ്ട്. ഇതിലൂടെ എത്രപേർ നശിക്കും. സത്യയുഗത്തിൽ കേവലം 9 ലക്ഷം പേരെ ഉണ്ടാകൂ. ബാക്കി ഇത്രയും പേർ എവിടെപ്പോകും? ഈ യുദ്ധവും ഭൂകമ്പവും ഒക്കെയുണ്ടാകും. വിനാശം തീർച്ചയായും  ഉണ്ടാകുന്നതാണ്.

ഇതാണ് പ്രജാപിതാ, എത്ര ബ്രഹ്മാകുമാരന്മാരും കുമാരിമാരുമാണ്. ബ്രഹ്മാവിന്റെ പിതാവ് ആരാണ്. നിരാകാരനായ ശിവൻ. നമ്മളെല്ലാവരും പേരക്കുട്ടികളാണ്. ശിവബാബയിൽ നിന്നും നമ്മൾ സമ്പത്തെടുക്കുകയാണ്. ബാബയെ ഓർമ്മിക്കണം. ഓർമ്മയിലൂടെ പാപഭാരം ഇറങ്ങും. നിങ്ങൾക്കറിയാം ഇതാണ് വികാരി പതീതമായ ലോകം. സത്യയുഗമാണ് നിർവ്വികാരി ലോകം. അവിടെ വിഷം (വികാരം) ഉണ്ടാകില്ല. നിയമമനുസരിച്ച് ഒരു കുട്ടിയേ ഉണ്ടാകൂ. ഒരിക്കലും അകാലമൃത്യു ഉണ്ടാകില്ല. ഇതാണ് സുഖധാമം. ഇവിടെയാണെങ്കിൽ എത്ര ദു:ഖം. പക്ഷേ ഈ കാര്യം ആരും അറിയുന്നില്ല. ഗീത കേൾപ്പിക്കും, ശ്രീമദ് ഭഗവദ്ഗീത, ഭഗവാനുവാച ശരി. ഭഗവാൻ ആരാണ്? അപ്പോൾ പറയും ശ്രീകൃഷ്ണൻ. ഹേയ്, അത് ചെറിയ കുട്ടിയാണ്, കൃഷ്ണൻ എങ്ങനെ രാജയോഗം പഠിപ്പിക്കും? കൃഷ്ണന്റെ സമയത്ത് പതീതമായ ലോകം ഉണ്ടായിരുന്നില്ല. സത്ഗതിക്കുവേണ്ടി രാജയോഗം പഠിപ്പിക്കുന്ന ആൾ ഇവിടെ വേണം. ഗീതയിലും എഴുതിയിട്ടുണ്ടല്ലോ രുദ്രഗീതാജ്ഞാനയജ്ഞമെന്ന്. കൃഷ്ണഗീതാജ്ഞാനയജ്ഞമെന്നല്ല. ഈ ജ്ഞാനയജ്ഞം എത്ര വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ സമാപ്തി എപ്പോഴായിരിക്കും? മുഴുവൻ സൃഷ്ടിയും എപ്പോൾ സ്വാഹാ ആകുന്നു? യജ്ഞം അവസാനിക്കുന്നത് അപ്പോഴാണ് അതിൽ എല്ലാം സ്വാഹാ ചെയ്യപ്പെടുമ്പോൾ. ഈ യജ്ഞവും അവസാനം വരേക്കും ഉണ്ടായിരിക്കും. ഈ പഴയ ലോകം അവസാനിക്കാനുള്ളതാണ്. ബാബ പറയുകയാണ് ഞാൻ കാലന്മാരുടേയും കാലനാണ്, എല്ലാവരേയും കൂട്ടിക്കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറൂ. നിങ്ങൾക്കറിയാം ഈ സമയം എല്ലാ മനുഷ്യരും സദാ ദുർഭാഗ്യശാലികളാണ്, സത്യയുഗത്തിൽ സദാ സൗഭാഗ്യശാലികളായിരുന്നു, ഈ വ്യത്യാസം എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കണം. ഇവിടെ വരുമ്പോൾ നല്ലരീതിയിൽ മനസ്സിലാക്കും പിന്നീട് വീട്ടിൽ പോകുമ്പോഴോ എല്ലാം അവസാനിക്കും. ഗർഭജയിലിൽ പ്രതിജ്ഞ ചെയ്യാറുള്ളതുപോലെ – ഞങ്ങൾ പാപം ചെയ്യില്ല. പുറത്തേക്കുവന്ന് പാപം ചെയ്യാൻ ആരംഭിക്കും. ജയിൽപുള്ളിയാണല്ലോ. ഈ സമയത്ത് എല്ലാ മനുഷ്യരും ജയിൽ പുള്ളികളാണ്. ഇടക്കിടെ ഗർഭജയിലിൽ പോയി ശിക്ഷകൾ അനുഭവിക്കുന്നു. ബാബ പറയുന്നു – ഇപ്പോൾ നിങ്ങളെ ഞാൻ ഗർഭ ജയിലിൽനിന്നും മോചിപ്പിക്കുന്നു. സത്യയുഗത്തിൽ ഗർഭജയിലെന്ന് പറയാൻ പറ്റില്ല. നിങ്ങളെ ഈ ശിക്ഷകളിൽ നിന്നും രക്ഷപ്പെടുത്താൻ വന്നിരിക്കുകയാണ്. ഇപ്പോൾ എന്നെ ഓർമ്മിക്കൂ.

ഒരു പാപവും ചെയ്യരുത്, നഷ്ടോമോഹയായി മാറണം. പാടാറില്ലേ? എന്റേതായി ഒന്ന് മാത്രം മറ്റൊരാളില്ല... ഇത് കൃഷ്ണന്റെ കാര്യമല്ല. കൃഷ്ണൻ 84 ജന്മമെടുത്ത് ഇപ്പോൾ ബ്രഹ്മാവായി മാറിയിരിക്കുകയാണ്. ഇനി വീണ്ടും കൃഷ്ണനായി മാറണം, അതുകൊണ്ടാണ് ഈ ശരീരത്തിലേക്ക് പ്രവേശിച്ചത്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഇപ്പോൾ ഭഗവാൻ സൂര്യവംശീ ചന്ദ്രവംശീ രാജധാനിയുടെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഭാവിയിലേക്കുവേണ്ടി പ്രാലബ്ധം ഉണ്ടാകുകയാണ്. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്ത് അനേക ജന്മത്തിലേക്കുള്ള പ്രാലബ്ധം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ് സ്വർഗ്ഗത്തിന്റെ രചയിതാവായ പരിധിയില്ലാത്ത ബാബയിലൂടെ. ഈ കാര്യം മനസ്സിലാക്കേണ്ടതാണ്. ഡ്രാമയിൽ ഓരോ അഭിനേതാവിന്റെയും പാർട്ട് അവനവന്റേതാണ്. ഇതിൽ നമ്മളെന്തിന് കരഞ്ഞുപിഴിയണം? നമുക്ക് ജീവിച്ചിരിക്കേ ഒരു ബാബയെ ഓർമ്മിക്കണം. ഈ ശരീരത്തെക്കുറിച്ചുപോലും നമ്മൾ ചിന്തിക്കരുത്. ഈ പഴയ ശരീരം ഉപേക്ഷിച്ചാലും നമ്മൾ ബാബയുടെ അടുക്കലേക്ക് പോകും. ഈ സമയം നിങ്ങൾ ഭാരതത്തിന്റെ എത്ര സേവയാണ് ചെയ്യുന്നത്. നിങ്ങളുടെ പേരും പാടപ്പെടുന്നുണ്ട് – അന്നപൂർണ്ണ, ദുർഗ്ഗ, കാളി എന്നൊക്കെ. ബാക്കി കാളിയുടെ ഭയാനക മുഖമല്ല. ഗണേശന് തുമ്പിക്കൈയ്യൊന്നുമില്ല. മനുഷ്യൻ മനുഷ്യൻ തന്നെയായിരിക്കും. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരികയാണ് ഞാൻ നിങ്ങൾ കുട്ടികളെ ലക്ഷ്മീനാരായണെപ്പോലെയാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾ നിശ്ചയം ചെയ്യൂ, ഞങ്ങൾ ബാബയിൽ നിന്നും സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. ഭാവിയിൽ രാജകുമാരനും രാജകുമാരിയുമായി മാറും. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്, ബാബയെ ആരും അറിയുന്നില്ല. ജഗദംബയെപ്പോലും മറന്നുപോയി. ആരുടെ ക്ഷേത്രമാണ് ഉണ്ടാക്കിയിരിക്കുന്നത് – അവരിപ്പോൾ ചൈതന്യത്തിലുണ്ട്. കലിയുഗത്തിനുശേഷം സത്യയുഗമുണ്ടാകും. വിനാശത്തെക്കുറിച്ച് മനുഷ്യൻ ചോദിക്കാറുണ്ട്, ഹേയ്, ആദ്യം നിങ്ങൾ പഠിച്ച് മിടുക്കരാകണം. മഹാഭാരതയുദ്ധം ഉണ്ടായിരുന്നു, അതിനുശേഷം സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നിരുന്നു. ഇപ്പോൾ ഈ മാതാക്കളിലൂടെ സ്വർഗ്ഗവാതിൽ തുറന്നുകൊണ്ടിരിക്കുകയാണ്. വന്ദേമാതരം എന്ന് പാടാറില്ലേ. പാവനമായവരെ വന്ദിക്കാറുണ്ട്. മാതാക്കൾ 2 പ്രകാരത്തിലാണ്. ഒന്നാണ് ഭൗതികസോഷ്യൽ വർക്കർ, രണ്ടാമത്തേത് ആത്മീയ സോഷ്യൽ വർക്കർ. നിങ്ങളുടേത് ആത്മീയ യാത്രയാണ്. നിങ്ങൾക്കറിയാം നമുക്ക് ഈ ശരീരമുപേക്ഷിച്ച് തിരിച്ചുപോകണം . ഭഗവാനുവാച – മൻമനാഭവ. നിങ്ങളുടെ അച്ഛനായ എന്നെ ഓർമ്മിക്കൂ. കുട്ടിയായ കൃഷ്ണൻ അങ്ങനെ പറയില്ല, കൃഷ്ണന് സ്വന്തം പിതാവുണ്ട്. മൻമനാഭവ എന്നതിന്റെ അർത്ഥം ആർക്കും അറിയുന്നില്ല. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ വികർമ്മങ്ങൾ വിനാശമാകും. പറക്കാനുള്ള ചിറക് ലഭിക്കും. ഇപ്പോൾ നിങ്ങൾ കല്ലുബുദ്ധിയിൽനിന്നും പവിഴബുദ്ധിയായി മാറുന്നവരാണ്. രചയിതാവായ ബാബ എല്ലാവർക്കും ഒന്നാണ്. ആദിദേവന്റേയും ആദിദേവിയുടേയും ക്ഷേത്രമുണ്ട്. നിങ്ങൾ അവരുടെ കുട്ടികൾ ഇവിടെ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ നിങ്ങൾ തപസ്സുചെയ്തവരായിരുന്നു, നിങ്ങളുടെ ഓർമ്മചിഹ്നം മുന്നിൽത്തന്നെയുണ്ട് ലക്ഷ്മീനാരായണനും രാജപദവി എങ്ങിനെയാണ് ലഭിക്കുന്നത്, അവരുടെ ക്ഷേത്രമാണിത്. നിങ്ങൾ രാജഋഷിയാണ്. രാജപദവി പ്രാപ്തമാക്കാൻ അഥവാ ഭാരതത്തിന് രാജപദവി പ്രാപിക്കുന്നതിനുവേണ്ടി നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഭാരതത്തിൽ സ്വർഗ്ഗം സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. തന്റെ ശരീരം മനസ്സ് ധനത്തിലൂടെ സേവ ചെയ്തുകൊണ്ടിരിക്കുന്നു. ബാബയുടെ ശ്രീമത്തിലൂടെ നിങ്ങൾ പതീതമായ രാവണരാജ്യത്തിൽ നിന്നും എല്ലാവരേയും മുക്തമാക്കൂ. ബാബയാണ് ലിബറേറ്റർ, ദു:ഖത്തെ ഹരിച്ച് സുഖം നൽകുന്നു. നിങ്ങളുടെ ദു:ഖത്തെ ഹരിക്കുന്നതിനുവേണ്ടി പഴയ ലോകത്തെ വിനാശം ചെയ്യിക്കുന്നു. നിങ്ങളെ ശത്രുവിന്റെമേൽ വിജയം ഉണ്ടാക്കിത്തരുന്നു, നിങ്ങൾ മായാജിത്തും ജഗദ്ജിത്തുമായി മാറുന്നു. നിങ്ങൾ കൽപകൽപം രാജ്യം നേടുന്നു, പിന്നീട് നഷ്ടപ്പെടുത്തുന്നു. ഇതാണ് രുദ്രനായ ശിവന്റെ ജ്ഞാനയജ്ഞം, ഇതിലൂടെയാണ് വിനാശത്തിന്റെ ജ്വാലയുണ്ടാകുന്നത്. എല്ലാം വിനാശമാകും നിങ്ങൾ സുഖികളായി മാറും. ദു:ഖം ആരംഭിക്കുന്നത് ദ്വാപരത്തിൽനിന്നാണ്. ബാബ പറയുന്നു – ഞാൻ വന്ന് നരകവാസികളെ സ്വർഗ്ഗവാസികളാക്കി മാറ്റുന്നു. കലിയുഗം വേശ്യാലയമാണ്, സത്യയുഗം ശിവാലയമാണ്. നിങ്ങൾ പരിധിയില്ലാത്ത ബാബയിലൂടെ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു എങ്കിൽ എത്ര സന്തോഷം ഉണ്ടാകണം..ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. ജീവിച്ചിരിക്കേ ബാബയെ ഓർമ്മിച്ച് സമ്പത്തിന്റെ അധികാരം നേടണം, ഒരു കാര്യത്തെക്കുറിച്ചും ചിന്തിക്കരുത്

2. ശ്രീമത്തിലൂടെ ശരീരം, മനസ്സ്, ധനത്തെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്ന കാര്യത്തിന് സേവ ചെയ്യണം. എല്ലാവരേയും രാവണനിൽനിന്ന് മോചിപ്പിക്കാനുള്ള യുക്തി പറഞ്ഞുകൊടുക്കണം.

## വരദാനം:-യോഗജ്വാലയിലൂടെ വിശ്വത്തിലെ മാലിന്യങ്ങളെ ഭസ്മമാക്കുന്ന വിശ്വ പരിവർത്തകരായി ഭവിക്കട്ടെ.

യോഗജ്വാല അർത്ഥം ശ്രേഷ്ഠ സങ്കൽപങ്ങളുടെ ശക്തി അഥവാ ലഹരിയുടെ അഗ്നിയിലൂടെത്തന്നെയാണ് അപവിത്രതയാകുന്ന മാലിന്യത്തെ ഭസ്മമാക്കാൻ സാധിക്കുന്നത്. ദേവിമാരുടെ ഓർമ്മചിഹ്നത്തിൽ കാണിക്കാറുണ്ട് അതായത് ജ്വാലയിലൂടെ ആസുരീയ ശക്തികളെ സമാപ്തമാക്കിയെന്ന്. ഈ ഓർമ്മചിഹ്നം ഇപ്പോഴത്തേതാണ്. അതിനാൽ ആദ്യം ജ്വാലാരൂപിയായി മാറി ആസുരീയ സംസ്കാരം, സ്വഭാവം എല്ലാം തന്നെ ഭസ്മമാക്കി സമ്പൂർണ്ണ പാവനമാകൂ, അപ്പോൾ യോഗത്തിന്റെയും പവിത്രതയുടെയും ജ്വാലയിലൂടെ വിശ്വത്തിലെ അഴുക്കുകളെ ഭസ്മമാക്കി വിശ്വപരിവർത്തനത്തിന് നിമിത്തമാകാം.

## സ്ലോഗൻ:- ആജ്ഞാകാരി അവരാണ് ആരാണോ മന്മത്തി(തന്നിഷ്ടം)ൽ നിന്നും പരമത്തിൽ( മറ്റുള്ളവരുടെ അഭിപ്രായം) നിന്നും മുക്തമായിരുന്ന് സദാ ശ്രീമത്തിലൂടെ നടക്കുന്നത്.